**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2274** **05-02-2026 - ൽ മറുപടിയ്ക്ക്**

**മാട്ടുമ്മൽ, പുന്ന പ്രദേശങ്ങളിലെ റേഷൻ കടകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ ഉൾപ്പെട്ട മാട്ടുമ്മൽ, പുന്ന പ്രദേശങ്ങളിൽ അനുവദിച്ചിട്ടുള്ള പുതിയ റേഷൻ കടകൾ എന്ന് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (എ) | തൃശ്ശൂർ ജില്ല ചാവക്കാട് താലൂക്ക് കടപ്പുറം ഗ്രാമപഞ്ചായത്ത് കടപ്പുറം വില്ലേജ് 5-ാം വാർഡിൽ മാട്ടുമ്മൽ പ്രദേശത്ത് അനുവദിച്ച പുതിയ ന്യായവിലകടയുടെ ഇ-പോസ് മാപ്പിംഗ് 2026 ഫെബ്രുവരി മാസം ആദ്യ ആഴ്ചയിൽ തന്നെ പൂർത്തിയാക്കി ടി ന്യായവിലകടയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയും.<br><br>ചാവക്കാട് നഗരസഭയിൽ 5, 6 വാർഡുകളിലായുള്ള പുന്ന പ്രദേശത്തെ ന്യായവിലകടയ്ക്ക് വിജ്ഞാപനം ക്ഷണിച്ചതിൻ പ്രകാരം ലഭിച്ച അപേക്ഷ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത റേഷൻകടകൾ (പുന്ന, മാട്ടുമ്മൽ) ആരംഭിയ്ക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിലെ ചാവക്കാട് നഗരസഭയിൽ 5, 6 വാർഡുകളിലായുള്ള പുന്ന പ്രദേശത്തും, ടി താലൂക്കിലെ തന്നെ കടപ്പുറം ഗ്രാമ പഞ്ചായത്തിലെ 5-ാ ം വാർഡിലെ മാട്ടുമ്മൽ പ്രദേശത്തും യഥാക്രമം 18/01/2022-ലെ സ.ഉ.(സാധാ)നം.16/2022 ഭ.പൊ.വി.വ,24/02/2022-ലെ സ.ഉ.(സാധാ)നം. 62/2022 ഭ.പൊ.വി.വ. ഉത്തരവുകൾ പ്രകാരം പുതിയ ന്യായവിലക്കടകൾ അനുവദിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സംവരണക്രമം പാലിച്ചുകൊണ്ട് ലൈസൻസിയെ കണ്ടെത്തുന്നതിനായി പട്ടികജാതി (Scheduled Caste) സംവരണ വിഭാഗക്കാരിൽ നിന്നും മൂന്ന് തവണ അപേക്ഷകരെ തേടികൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനങ്ങളിലും അപേക്ഷകൾ ലഭിക്കാത്തതിനാലോ/യോഗ്യരായ അപേക്ഷകർ ഇല്ലാത്തതിനാലോ നിയമനം സാധ്യമായില്ല.<br>തുടർന്ന് KTPDS (C) 2021 ഉത്തരവ് പ്രകാരം തുടർച്ചയായി മൂന്ന് വിജ്ഞാപനം നൽകിയിട്ടും സംവരണ വിഭാഗങ്ങളിൽ നിന്ന് അപേക്ഷകർ ഇല്ലെങ്കിൽ പൊതു വിഭാഗത്തിൽ വിജ്ഞാപനം നടത്താം എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | പൊതു വിഭാഗത്തിൽ നിന്നും അപേക്ഷകരെ തേടികൊണ്ട് മാട്ടുമ്മൽ, പുന്ന എന്നീ പ്രദേശങ്ങളിലെ റേഷൻകടകൾക്കായി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി 04/11/2025-ൽ പുതിയ ലൈസൻസി നിയമനം നടത്തിയിട്ടുണ്ട്. ഇനി സാങ്കേതിക ക്രമീകരണങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഡിപ്പോ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും.<br>പുന്ന പ്രദേശത്തെ ന്യായവിലക്കടയ്ക്കായി പൊതുവിഭാഗത്തിലേയ്ക്ക് ആദ്യം നടത്തിയ വിജ്ഞാപനത്തിൽ അപേക്ഷകളൊന്നും ലഭിക്കാഞ്ഞതിനെ തുടർന്ന് പൊതുവിഭാഗത്തിലേക്ക് നടത്തിയ രണ്ടാം വിജ്ഞാപനത്തിൽ അപേക്ഷ ലഭിക്കുകയും ഇതിന്മേൽ അന്വേഷണ നടപടികൾ പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ